**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2310 — 18.12.2012 ൽ മറുപടിയ്ക്ക്

**പമ്പയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ സി.കെ.സദാശിവൻ | സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |

(എ) പമ്പയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എ) പമ്പാ നദിക്ക് ഉണ്ടാകുന്ന പാരിസ്ഥിതിക-ജൈവശോഷണം ഗൗരവതരമായ കാര്യമാണ്. ശബരിമല തീർത്ഥാടന കാലത്ത് നദി മലിനപ്പെടുത്തുന്നതു തടയുന്നതിനായി 'പമ്പാ ആക്ഷൻ പ്ലാൻ' എന്ന നദീസംരക്ഷണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതു പ്രകാരം ശബരിമല, പമ്പ എന്നിവിടങ്ങളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ, നദീതടത്തിലുള്ള പഞ്ചായത്തുകളിൽ മാലിന്യ സംസ്ക്കരണ പദ്ധതികൾ മുതലായവ ആവിഷ്ക്കരിച്ചിട്ടുണ്ട്.

എരുമേലിയിൽ ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. തീർത്ഥാടന കാലത്ത് പമ്പയാറ്റിലെ ജലത്തിന്റെ മലിനീകരണത്തോത് ക്രമമായി പരിശോധിച്ചു വരുന്നു. നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെയും, ഇൻസിനറേറ്ററുകളുടെയും പ്രവർത്തനം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിരീക്ഷിച്ചു വരുന്നു. ശബരിമല 'സീറോ വേസ്റ്റ് ' എന്ന ശുചീകരണ പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 5 കോടി രൂപ സർക്കാർ അനുവദിച്ചു നല്കി.

ശബരിമല മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾക്കായി

ഈ വർഷം 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, കൊടൂർ, മൂവാറ്റുപുഴ നദികളുടെ മലിനീകരണം തടയുന്നതിനായി, കുട്ടനാടു പാക്കേജുമായി ബന്ധപ്പെട്ട് ഒരു പദ്ധതി നടപ്പാക്കാൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പമ്പാ നദിയിൽ എത്ര കുടിവെള്ള പദ്ധതികളാണുള്ളതെന്ന് അറിയിക്കുമോ; | (ബി) | 22 എണ്ണം. കൂടാതെ 4 എണ്ണം നിർമ്മാണ ഘട്ടത്തിലാണ്. |
| (സി) | കോളിഫോം ബാക്ടീരിയ കുടിവെള്ള പദ്ധതികളെ ദോഷകരമായി ബാധിക്കുന്ന വിവരം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ എന്തു നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | ഉണ്ട്.<br>കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഒഴിവാക്കാനാണ് ശബരിമല, പമ്പ എന്നിവിടങ്ങളിൽ മലിനീകരണ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. കൂടാതെ നദികളിലെ മലിനീകരണം ഒഴിവാക്കാനായി ആവിഷ്ക്കരിച്ചിട്ടുള്ള, പമ്പാ ആക്ഷൻ പ്ലാൻ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കേണ്ടതുമുണ്ട്. കുടിവെള്ളം അണുവിമുക്തമാക്കിയ ശേഷമാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ